**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1252** **27-07-2021 - ൽ മറുപടിയ്ക്ക്**

**അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഈ ഒഴിവുകൾ പി.എസ്സ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; അറിയിക്കാമോ; | (എ) | 7 ഒഴിവുകൾ നിലവിലുണ്ട്. അതിൽ 6 ഒഴിവുകൾ നേരിട്ടുള്ള നിയമനം നടത്തുന്നതിനായി പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഒരു ഒഴിവ് വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിന്നും തസ്തികമാറ്റം മുഖേന നിയമനം നടത്തുവാനായി നീക്കി വച്ചിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ; ഈ തസ്തികയുടെ യോഗ്യതയിൽ കേന്ദ്ര സർക്കാർ ഭേദഗതി വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലുള്ള റാങ്ക് ലിസ്റ്റ് നിലവിലില്ല. തസ്തികയുടെ യോഗ്യതയിൽ കേന്ദ്രസർക്കാർ S.O 1215(E) dated 08.03.2019 പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. പ്രസ്തുത നോട്ടിഫിക്കേഷൻ പ്രകാരം സംസ്ഥാന മോട്ടോർ വാഹന വകുപ്പിലെ AMVI-മാരുടെ യോഗ്യതയിൽ മാറ്റം വരുത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഒരു വർഷത്തെ പ്രവൃത്തി പരിചയവും, ഹെവി ഡ്രൈവിംഗ് ലൈസൻസും ഈ തസ്തികയ്ക്ക് ആവശ്യമില്ല എന്ന ഭേദഗതി സംസ്ഥാനത്തിന് നിയമപരമായി പാലിക്കേണ്ടതുണ്ടോ എന്നും, ഇപ്രകാരം ഭേദഗതി വരുത്തിയാൽ സംഭവിക്കുന്ന ഗുണ-ദോഷവശങ്ങളും ആലോചിക്കേണ്ടതും, ജനങ്ങളുടെ സുരക്ഷയും മുന്നിൽക്കണ്ട് മാത്രമേ തുടർ നടപടികളുമായി മുന്നോട്ട് പോകാൻ കഴിയൂ. |
| (സി) | കേരളാ ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (സി) | അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലുള്ള റാങ്ക് ലിസ്റ്റ് നിലവിലില്ല. തസ്തികയുടെ യോഗ്യതയിൽ കേന്ദ്രസർക്കാർ S.O 1215(E) dated 08.03.2019 പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. പ്രസ്തുത നോട്ടിഫിക്കേഷൻ പ്രകാരം സംസ്ഥാന മോട്ടോർ വാഹന വകുപ്പിലെ AMVI-മാരുടെ യോഗ്യതയിൽ മാറ്റം വരുത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഒരു വർഷത്തെ പ്രവൃത്തി പരിചയവും, ഹെവി ഡ്രൈവിംഗ് ലൈസൻസും ഈ തസ്തികയ്ക്ക് ആവശ്യമില്ല എന്ന |

| | | | |
|---|---|---|---|
| | | | ഭേദഗതി സംസ്ഥാനത്തിന് നിയമപരമായി പാലിക്കേണ്ടതുണ്ടോ എന്നും, ഇപ്രകാരം ഭേദഗതി വരുത്തിയാൽ സംഭവിക്കുന്ന ഗുണ-ദോഷവശങ്ങളും ആലോചിക്കേണ്ടതും, ജനങ്ങളുടെ സുരക്ഷയും മുന്നിൽക്കണ്ട് മാത്രമേ തുടർ നടപടികളുമായി മുന്നോട്ട് പോകാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ